(എഫ്) യു.ഐ.ഡി.എസ്.എസ്.എം.ടി. (UIDSSMT) പദ്ധതിയുമായി ബന്ധപ്പെട്ട് അംഗീകാരം ലഭിക്കേണ്ട ദർഘാസുകളിൽ ഇൻടേക്ക് വെൽ സൈറ്റിലെ സബ്സ്റ്റേഷൻ ഒഴികെ എല്ലാംതന്നെ മുനിസിപ്പാലിറ്റിവഴി കെ.എസ്.യു.ഡി.പി.യിൽ സമർപ്പിച്ചിട്ടുണ്ട്. ഇവ കെ.എസ്.യു.ഡി.പി. എംപവേർഡ് കമ്മിറ്റിയുടെ പരിഗണനയിൽ ആണ്.

(ജി) പ്രസ്തുത പദ്ധതിയുടെ എല്ലാ ദർഘാസുകൾക്കും അംഗീകാരം ലഭിച്ചിട്ടില്ല. അംഗീകാരം ലഭിച്ച് കരാറിലേർപ്പെട്ടതിനുശേഷം ഒന്നരവർഷത്തെ സമയം പദ്ധതി പൂർത്തിയാക്കുന്നതിനായി വേണ്ടിവരും.

ആലപ്പുഴ ജില്ലയിലെ കുടിവെള്ളം കോളീഫോം ബാക്ടീരിയാ വിമുക്തമാക്കാൻ നടപടി

135 (1863) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദൈനംദിനാവശ്യങ്ങൾക്കും കുടിവെള്ളത്തിനും ആലപ്പുഴ നഗരവാസികൾ കൂടുതൽ ആശ്രയിക്കുന്ന കിണറുകളിലും മറ്റ് ജലസ്രോതസ്സുകളിലും കോളിഫോം ബാക്ടീരിയയുടെ അളവ് ക്രമാനുഗതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെങ്കിലും ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ജനസാന്ദ്രത കൂടുതലുള്ള നഗരമെന്ന വസ്തുത കണക്കിലെടുത്ത് ഇതിനായി ഒരു പ്രത്യേക പാക്കേജിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജലഅതോറിറ്റിവഴി നടപ്പിലാക്കിവരുന്ന പദ്ധതികളിൽ അണുവിമുക്തമാക്കിയാണ് കുടിവെള്ളം വിതരണം ചെയ്യുന്നത്.

(സി) സ്വകാര്യ കിണറുകളിലും ജലസ്രോതസ്സുകളിലേയും ശുദ്ധീകരണത്തിന് പ്രത്യേക പദ്ധതികൾ ഇപ്പോൾ നിലവിലില്ല. എന്നാൽ ആലപ്പുഴ നഗരത്തിനും പരിസരപ്രദേശത്തിനുംവേണ്ടി വിപുലമായ ഒരു ജലവിതരണ പദ്ധതി നടപ്പിലാക്കിവരുന്നു.

മുളവൂർ ശുദ്ധജല വിതരണ പദ്ധതി

136 (1864) ശ്രീ. ബാബുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുളവൂർ ശുദ്ധജല വിതരണ പദ്ധതിക്കുവേണ്ടി ഈ ഗവൺമെന്റ് എത്ര ഫണ്ട് അനുവദിച്ചുവെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly